"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി- കരാർ അടിസ്ഥാനത്തിൽ പ്രവർത്തിച്ചു വരുന്ന ഐ.ടി.ഓഫീസർക്ക് ഉയർന്ന നിരക്കിൽ വേതനം അനുവദിക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.1317/2022/LSGD തീയതി,തിരുവനന്തപുരം, 27-05-2022

---

പരാമർശം:-
1. സ.ഉ.(പി) നം.29/2021/ധന തീയതി 11.02.2021
2. 24.06.21-ലെ അയ്യങ്കാളി നഗര തൊഴിലുറപ്പ് തൊഴിലുറപ്പ് പദ്ധതി സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ യോഗ തീരുമാനം
3. സ.ഉ.(സാധാ) നം.1968/2021/ത.സ്വ.ഭ.വ തീയതി 11.10.2021
4. നഗരകാര്യ ഡയറക്ടറുടെ 30.11.2021-ലെ ഡി.സി.3 -7083/2017 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ പുതിയ ഐ.ടി ഓഫീസറെ നിയമിക്കുന്നതിനുള്ള സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ യോഗ തീരുമാന പ്രകാരം, പരാമർശം (1) ഉത്തരവിലെ കാറ്റഗറി IX തസ്തികകൾക്ക് നിശ്ചയിച്ചിരിക്കുന്ന പ്രതിമാസ കരാർ വേതനത്തോടെ ഒരു ഐ.ടി.ഓഫീസറെ നിയമിക്കാൻ പരാമർശം (3) പ്രകാരം സർക്കാർ അനുമതി നൽകുകയുണ്ടായി.

2. പരാമർശം (1) ഉത്തരവിൽ കാറ്റഗറി X തസ്തികയിൽപ്പെട്ട കരാർ ജീവനക്കാർക്ക് നിശ്ചയിക്കപ്പെട്ട പ്രതിമാസ ശമ്പളമായ 36,000/- രൂപ നിരക്കിൽ, ബിടെക് (കംപ്യൂട്ടർ സയൻസ്) ബിടെക് (ഐ.ടി) അല്ലെങ്കിൽ എം.സി.എ/എം.എസ്.സി (കംപ്യൂട്ടർ സയൻസ്) ബിരുദവും അഞ്ച് വർഷ പ്രവൃത്തി പരിചയവും യോഗ്യതയായി നിശ്ചയിച്ച് ഒരു ഐ.ടി ഓഫീസറെ നിയമിക്കുന്നതിനാണ് നഗരകാര്യ ഡയറക്ടർ അനുമതി തേടിയിരുന്നത്. ടി യോഗ്യതയും വേതന നിരക്കുമാണ് അപേക്ഷ ക്ഷണിച്ചുകൊണ്ട് പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ രേഖപ്പെടുത്തിയിരുന്നതും. ആയതിനാൽ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലുള്ള വേതനം അനുവദിക്കണമെന്ന് പരാമർശം (4) പ്രകാരം നഗരകാര്യ ഡയറക്ടർ അപേക്ഷിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ വിവരിച്ച സാഹചര്യത്തിൽ പരാമർശം (3) ഉത്തരവ് പ്രകാരം അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ കരാർ അടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചു വരുന്ന ഐ.ടി.ഓഫീസർക്ക് പരാമർശം (1) ഉത്തരവിലെ കാറ്റഗറി X പ്രകാരമുള്ള 36,000/-രൂപ പ്രതിമാസ വേതനം അനുവദിക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ.ബിറ്റോ ആന്റണി, ഐ.ടി.ഓഫിസർ, AUEGS സെൽ, നഗരകാര്യ ഡയറക്ടറേറ്റ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്),തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ),തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി.
ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
**Signed by Nisam N**
**Date: 30-05-2022 10:59:48**
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു:മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു:തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്